# കുപ്രചാരണങ്ങളെ സംയമനത്തോടെ നേരിടുക

**ഇസ്‌ലാമിക** പ്രസ്ഥാനം ഇടതുപക്ഷമോ വലതുപക്ഷമോ അല്ല. കേവല ഭൗതികമോ കേവല ആത്മീയമോ അല്ല. കേവല സാംസ്‌കാരികമോ കേവല രാഷ്ട്രീയമോ അല്ല. എല്ലാറ്റിലും തീവ്രതക്കും ആലസ്യത്തിനും മധ്യേ മിതമായ നിലപാടനുവര്‍ത്തിക്കുന്ന പ്രസ്ഥാനമാണത്. അതാണ് ഇസ്‌ലാം. മധ്യമ സമൂഹം –ഉമ്മതന്‍ വസതന്‍– എന്നാണ് ഖുര്‍ആന്‍ അതിനെ വിശേഷിപ്പിച്ചിട്ടുള്ളത്. ഏതു ദിശയിലുമുള്ള നന്മയെയും അതംഗീകരിക്കുന്നു. തിന്മയെ നിരാകരിക്കുകയും ചെയ്യുന്നു. മധ്യത്തില്‍ നിലകൊള്ളുന്നവന്‍ ഇടത്തുനിന്നും വലത്തുനിന്നും മുന്നില്‍നിന്നും പിന്നില്‍നിന്നുമെല്ലാം ആക്രമിക്കപ്പെടും. സ്വന്തം താല്‍പര്യങ്ങള്‍ക്കനുഗുണമെന്ന് കാണുമ്പോള്‍ താഡിച്ചവര്‍ തന്നെ തലോടുകയും ചെയ്യും. ഇസ്‌ലാമിക പ്രബോധനത്തിന് ആഗതരായ പ്രവാചകവര്യന്മാരെല്ലാം എതിര്‍ക്കപ്പെട്ടിട്ടുണ്ട്. എതിര്‍പ്പുകാര്‍ ചിലപ്പോള്‍ സംഭാഷണത്തിനും സന്ധിക്കും സന്നദ്ധരാകുന്നു. അവര്‍ തന്നെ പിന്നീട് പ്രസ്ഥാനത്തെ ഉന്മൂലനം ചെയ്യാന്‍ പട നയിച്ചതായും കാണാം. അതാണ് ചരിത്രം. പഴയതു മാത്രമല്ല, പുതിയതും. കഴിഞ്ഞ നൂറ്റാണ്ടില്‍ ഈജിപ്തില്‍ വിപ്ലവം നടത്തിയത് വിപ്ലവ സൈന്യവും മുസ്‌ലിം ബ്രദര്‍ ഹുഡും ചേര്‍ന്നായിരുന്നു. അതേ വിപ്ലവ ഗവണ്‍മെന്റാണ് പിന്നീട് ബ്രദര്‍ ഹുഡ് നേതാവ് സയ്യിദ് ഖുത്ബിനെ തൂക്കി കൊന്നതും ബ്രദര്‍ ഹുഡിനെ നിരോധിച്ചതും.

ഇന്ത്യാ രാജ്യത്ത് ഇസ്‌ലാമിക പ്രസ്ഥാനം പ്രവര്‍ത്തനമാരംഭിച്ചത് ഇവിടത്തെ സകലമാന കക്ഷികളും അതിനെ പട്ടുമെത്ത വിരിച്ച് സ്വീകരിച്ചുകൊള്ളുമെന്ന് പ്രതീക്ഷിച്ചുകൊണ്ടല്ല; കടുത്ത എതിര്‍പ്പുകളും വിമര്‍ശനങ്ങളുമുണ്ടാകുമെന്നറിഞ്ഞുകൊണ്ടുതന്നെയാണ്. എതിര്‍പ്പുകള്‍ക്കിടയിലും കുറെ നിഷ്പക്ഷരായ സത്യാന്വേഷികള്‍ അതിനെ കണ്ടെത്തുമെന്ന് തീര്‍ച്ചയായും പ്രതീക്ഷിച്ചിരുന്നു. ആ പ്രതീക്ഷ തെറ്റിയിട്ടില്ല. അതുകൊണ്ടാണ് രൂക്ഷമായ എതിര്‍പ്പുകളെയും വിമര്‍ശനങ്ങളെയും രണ്ട് നിരോധങ്ങളെയും അതിജീവിച്ച് ഈ പ്രസ്ഥാനം ഇന്നും നിലനില്‍ക്കുന്നത്. കുറച്ചു നാളായി ജമാഅത്ത് വിമര്‍ശനങ്ങളാല്‍ മുമ്പില്ലാത്തവിധം ബഹളമുഖരിതമായിരിക്കുകയാണ് കേരളത്തിന്റെ അന്തരീക്ഷം. ഇപ്പോള്‍ ഈ ചന്ദ്രഹാസമിളക്കുന്ന രാഷ്ട്രീയകക്ഷികളെല്ലാം നേരത്തെ ജമാഅത്തിന്റെ സഹായം തേടുകയും ചെയ്തിട്ടുള്ളവരാണ്. മാധ്യമങ്ങള്‍, ദൃശ്യമാധ്യമങ്ങള്‍ വിശേഷിച്ചും സത്യസന്ധതയുടെയും മര്യാദയുടെയും എല്ലാ അതിരുകളും ഭേദിച്ചുകൊണ്ട് ഈ അങ്കം പൊലിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരു വിഭാഗം എഴുത്തുകാരുടെയും ബുദ്ധിജീവികളുടെയും പട വേറെ. ജമാഅത്താവട്ടെ പുതിയൊരു ആദര്‍ശമോ നയപരിപാടിയോ ഒന്നും പ്രഖ്യാപിച്ചിട്ടില്ല. മുക്കാല്‍ നൂറ്റാണ്ടായി അത് പ്രവര്‍ത്തിച്ചുവരുന്നത് ഒരേ ലക്ഷ്യവും പരിപാടിയും മുന്നില്‍ വെച്ചുകൊണ്ടാണ്. എന്നിരിക്കെ ഇപ്പോള്‍ ഇങ്ങനെയൊരു കൂട്ട വേട്ടക്കെന്ത് സാംഗത്യം എന്നു ചോദിച്ചാല്‍ ഉത്തരം ലളിതമാണ്. രാഷ്ട്രീയക്കാര്‍ക്ക് താല്‍ക്കാലിക രാഷ്ട്രീയ താല്‍പര്യങ്ങള്‍. മാധ്യമങ്ങള്‍ക്ക് കച്ചവടം. ബുദ്ധിജീവികളില്‍ ചിലര്‍ക്ക് തെറ്റിദ്ധാരണകളാണെങ്കില്‍ മറ്റു ചിലര്‍ക്ക് പകപോക്കലാണ്. ഇതില്‍നിന്ന് വ്യക്തമാണീ കോലാഹലത്തിന്റെ നിരര്‍ഥകത.

ജമാഅത്തെ ഇസ്‌ലാമി അഴിമതി നടത്തിയതായോ ദേശവിരുദ്ധ നടപടികളിലേര്‍പ്പെട്ടതായോ കലാപങ്ങളുണ്ടാക്കിയതായോ ഭീകര പ്രവര്‍ത്തനങ്ങളിലേര്‍പ്പെട്ടതായോ ഒന്നും ആര്‍ക്കും ആരോപിക്കാനില്ല. ജമാഅത്ത് മതേതരത്വത്തിനെതിരാണ്, ദേശീയതക്കെതിരാണ്, ജനാധിപത്യ വിരോധികളാണ്, തീവ്രവാദികളാണ്. ഇങ്ങനെ അമൂര്‍ത്തമായ കുറേ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിനൊന്നും തെളിവുകളില്ലെന്നു മാത്രമല്ല അതിനെ നിഷേധിക്കുന്നതായി, പകല്‍വെളിച്ചം പോലെ വ്യക്തമായ തെളിവുകള്‍ ധാരാളമുണ്ട് താനും. ജമാഅത്തിന്റെ അവര്‍ഗീയവും മതേതര ജനാധിപത്യ പരവുമായ പ്രവര്‍ത്തനങ്ങള്‍ ചൂണ്ടിക്കാണിക്കുമ്പോള്‍ അതൊക്കെ മുഖംമൂടികളാണ്, യഥാര്‍ഥ ലക്ഷ്യം മറച്ചുപിടിക്കുന്ന മറകളാണ് എന്നാകുന്നു വാദം. ജമാഅത്തിന്റെ ഭരണഘടനയും പോളിസി –പ്രോഗ്രാ

മുമെല്ലാം അച്ചടിച്ച രൂപത്തിൽ പൊതുസമൂഹത്തിന് ലഭ്യമാണ്. അതിലുള്ളതിനു വിപരീതമാണ് പ്രവർത്തനമെങ്കിൽ ഈ വാദങ്ങൾ പരിഗണനീയമാകുമായിരുന്നു. ഒരു സംഘടന പറയുന്നത് തന്നെ പ്രവർത്തിക്കുമ്പോൾ അതെങ്ങനെയാണ് മുഖംമൂടിയും മറയുമൊക്കെ ആകുന്നതെന്ന് ഈ സഹോദരങ്ങൾ ഒന്നാലോചിച്ചു നോക്കിയെങ്കിൽ! സംഘടനയുടെ ഭരണഘടനയിൽ അസന്ദിഗ്ധമായി രേഖപ്പെടുത്തിയ സംഗതികൾ അനുസ്മരിക്കുന്നതു പോലും ജമാഅത്തിന്റെ മേലുള്ള പുള്ളി മായ്ക്കാനുള്ള പാഴ്ശ്രമമായി ചില സഹോദരന്മാർ സാമോദം ഘോഷിക്കുന്നു.

ശരിയാണ്, മുഖംമൂടിയും മറയും പുള്ളിയുമൊക്കെയുണ്ട്. അതൊന്നും എടുത്തുമാറ്റാനോ മായ്ച്ചുകളയാനോ ജമാഅത്തിനാവില്ല. കാരണം അതൊക്കെയുള്ളത് ജമാഅത്തിന്റെ മുഖത്തോ പുറത്തോ അല്ല. അതാരോപിക്കുന്നവരുടെ മുഖത്തും മനസ്സിലുമാണ്. നഷ്ടപ്പെടുന്ന ക്രൈസ്തവ വോട്ടുകൾക്ക് പകരം ഹൈന്ദവ വോട്ടുകളിൽ പ്രതീക്ഷയർപ്പിച്ച് സി.പി.എം എടുത്തണിഞ്ഞ മുഖംമൂടി അഴിച്ചുമാറ്റേണ്ടത് അവർ തന്നെയാണ്. മനസ്സാക്ഷിക്കു മുമ്പിൽ സ്വയം പിടിച്ച മറ മാറ്റാൻ മറ്റാർക്കുമാവില്ല. അപരന്റെ പുറത്ത് വള്ളിയും പുള്ളിയും സങ്കൽപിക്കാൻ എളുപ്പമാണ്. അവനവന്റെ മനസ്സിലെ പുള്ളിയെ മാത്രമാണത് പ്രതിനിധാനം ചെയ്യുന്നത്. അത് മായ്ക്കാൻ അവനവൻ വിചാരിച്ചാലേ കഴിയൂ.

വിമർശനങ്ങളുടെ ഈ താണ്ഡവം പ്രസ്ഥാനത്തെ നേരിട്ട് മനസ്സിലാക്കാൻ അവസരം ലഭിച്ചിട്ടില്ലാത്ത സാധാരണക്കാരിൽ തെറ്റുധാരണ സൃഷ്ടിക്കാൻ സഹായകമാകും. അതുതന്നെയാണ് തൽപര കക്ഷികളുടെ ലക്ഷ്യവും. പ്രസ്ഥാന പ്രവർത്തകർ അതിൽ പ്രകോപിതരാവരുത്. തികഞ്ഞ സംയമനത്തോടെ ബഹുജന സമ്പർക്കം പൂർവോപരി വർധിപ്പിച്ചും പ്രസ്ഥാനത്തിന്റെ ആദർശവും നയനിലപാടുകളും യഥാവിധം വിശദീകരിച്ചുകൊണ്ടുമാണ് ഈ സാഹചര്യത്തെ മറികടക്കേണ്ടത്. അസത്യം എത്ര പൊലിപ്പിക്കപ്പെട്ടാലും ഏറെക്കാലം നിലനിൽക്കാൻ പോകുന്നില്ല; ഹിമാലയത്തോളം പൊങ്ങിയാലും സത്യത്തിന്റെ സ്പർശമേറ്റാൽ അത് പൊട്ടിപ്പോകും. അല്ലാഹുവിന്റെ സഹായത്തിൽ പ്രതീക്ഷയർപ്പിക്കുക. അവൻ തുണച്ചാൽ ഈയൊരു ലോകമല്ല, ഇരേഴു ലോകം ഒന്നിച്ചു വേട്ടയാടിയാലും ഒന്നും സംഭവിക്കുകയില്ല. ■